മെട്രോ വാർത്ത 28 July 2022



കവരത്തി തീരത്തെ കടൽപായൽ കൃഷിയിടം

# ഇന്ത്യയുടെ കടൽപായൽ ഉത്പാദനം 34000 ടൺ

- 97 ലക്ഷം ടൺ ലക്ഷ്യമെന്ന് സിഎംഎഫ്ആർഐ

കൊച്ചി: കഴിഞ്ഞവർഷം ഇന്ത്യയിൽ ഉത്പാദിപ്പിച്ചത് ഏകദേശം 34000 ടൺ കടൽപായലെന്നു കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). രാജ്യത്തു 342 നിർദിഷ്ട സ്ഥലങ്ങൾ കടൽപായൽകൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ അടയാളപ്പെടുത്തിയിട്ടുണ്ടെന്നും ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. സിഎംഎഫ്ആർഐയുടെ പഠനപ്രകാരം, ഈ സ്ഥലങ്ങളിൽ 24167 ഹെക്റ്ററിലായി പ്രതിവർഷം 97 ലക്ഷം ടൺ കടൽപായൽ ഉത്പാദനം സാധ്യമാണെന്നും അദ്ദേഹം പറഞ്ഞു.

പരമ്പരാഗതമല്ലാത്ത ജലകൃഷി രീതികളെക്കുറിച്ച് സിഎംഎഫ്ആർഐയിൽ നടന്ന ദേശീയ ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോളതലത്തിലെ കടൽപായൽ ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യ വളരെ പിന്നിലാണ്. 2022ൽ ഇതുവരെ 350 ലക്ഷം ടണ്ണാണ് ആഗോള ഉത്പാദനം. എന്നാൽ, ഉത്പാദനം കൂട്ടാൻ രാജ്യം എല്ലാവിധ ശ്രമങ്ങളും നടത്തുന്നുണ്ട്. 2025ഓടെ പ്രതിവർഷം 11.42 ലക്ഷം ടൺ കടൽപായൽ ഉത്പാദനമാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

കൂടുകൃഷിയോടൊപ്പം കടൽപായൽ കൂടി കൃഷി ചെയ്യാവുന്ന സിഎംഎഫ്ആർഐ വികസിപ്പിച്ച സംയോജിത സാങ്കേതികവിദ്യയായ ഇംറ്റ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ സാങ്കേതികവിദ്യ ഇത് കടൽപായൽ കൃഷി ജനകീയമാക്കാൻ സഹായിക്കും. കടൽപായൽ കൃഷി വ്യാപിപ്പിക്കുന്നതിലൂടെ സ്ത്രീകളുൾപ്പെടെ ധാരാളം പേർക്ക് സുസ്ഥിര ജീവനോപാധി ഒരുക്കാൻ കഴിയുമെന്നും ശിൽപ്പശാലയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. വാണിജ്യാടിസ്ഥാനത്തിൽ കടൽപായൽ ഉത്പാദനം വികസിപ്പിക്കുന്നതിന് സിഎംഎഫ്ആർഐയുമായി സഹകരണം പ്രയോജനപ്പെടുമെന്ന് ശിൽപ്പശാലയിൽ സംസാരിച്ച സ്വകാര്യ സംരംഭകർ പറഞ്ഞു.